(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ നിലവിലെ 185 ഹെക്ടറിൽ നിന്നും 200 ഹെക്ടറിലേയ്ക്കായി നെൽകൃഷി വ്യാപിപ്പിക്കുവാനും 200 ഹെക്ടറിൽ അധികവിള നടത്തുവാനും 1390 ടൺ നെല്ല് കൂടുതലായി ഉൽപാദിപ്പിക്കുവാനും സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പച്ചക്കറി വില്പനരംഗത്ത് ഹോർട്ടികോർപ്പ് പരാജയപ്പെട്ടതായ ആക്ഷേപം

197 (3483) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നോ ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.-യും തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നിയമനങ്ങളും ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നതിൽ പങ്ക് വഹിച്ചതായ ആക്ഷേപം സംബന്ധിച്ച അഭിപ്രായം വിശദമാക്കുമോ ;

(സി) ഹോർട്ടികോർപ്പിന് പൊതുമാർക്കറ്റിൽ ഇടപെടാനായി സർക്കാർ എന്ത് തുക നൽകിയെന്ന് വ്യക്തമാക്കാമോ ; ഈ തുക സമയബന്ധിതമായി തന്നെ ലഭ്യമായോ എന്നറിയിക്കാമോ ;

(ഡി) ഹോർട്ടികോർപ്പിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നു. പൊതുജനങ്ങൾക്ക് ഈ കാലയളവിൽ വിപണിവിലയെക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ 6187 ടൺ പച്ചക്കറി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റാളുകൾ വഴി നൽകുവാൻ ഹോർട്ടികോർപ്പിന് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡി.യും തമ്മിൽ സ്വരച്ചേർച്ചയില്ലായ്മ ഉള്ളതായും ഓണനാളുകളിൽ പച്ചക്കറി വില്പനരംഗത്ത് പ്രവർത്തനം മോശമായതായും ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം പൊതുവിപണിയിൽ ഇടപെടുന്നതിനായി കൃഷി വകുപ്പ് 5 കോടി രൂപ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്. ഇത് ഓണം/റംസാൻ സമയത്ത് വിപണിയിടപെടലിനാണ് നൽകിയത്. ഇക സമയബന്ധിതമായി തന്നെ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ട്.

(ഡി) ചില പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഉത്സവസീസണുകളിലും പൊതു വിപണിയിൽ പഴം-പച്ചക്കറികൾക്ക് വില വർദ്ധിക്കുമ്പോഴും വിപണിയിൽ ഇടപെടുന്നതിനും ഹോർട്ടികോർപ്പിന് സർക്കാർ ധനസഹായം അനുവദിക്കാറുണ്ട്. ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പി.എഫ്., മറ്റ് ചെലവുകൾ എന്നിവ കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽനിന്നുമാണ് വിനിയോഗിച്ചുവരുന്നത്. കൃഷി വകുപ്പിന്റെ ആഗോള കാർഷിക മൊത്ത വ്യാപാര വിപണി (വേൾഡ് മാർക്കറ്റ്) വഴി പച്ചക്കറി സംഭരിക്കുമ്പോൾ കർഷകർക്ക് കൂടിയ വില നൽകേണ്ടിവരികയും കമ്പോളവിലയേക്കാൾ താഴ്ന്നി സ്റ്റാളുകൾ വഴി വിൽക്കുകയും ചെയ്യേണ്ടിവരുമ്പോൾ ഹോർട്ടികോർപ്പിന് ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. സർക്കാർ നൽകുന്ന ഇക ഓണം, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് വിലക്കിഴിവിൽ പച്ചക്കറി നൽകുന്നതിന് വിനിയോഗിക്കുവാൻ വേണ്ടി മാത്രമാണ്. മറ്റ് കാലയളവിലെ പ്രവർത്തനത്തിൽ കോർപ്പറേഷന് നഷ്ടം നേരിടേണ്ടിവരുന്നുണ്ട്. കാലാകാലങ്ങളിലായി ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന നഷ്ടം നിമിത്തം കോർപ്പറേഷൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. 2010-ാം മാണ്ടു മുതൽ വേൾഡ് മാർക്കറ്റിൽ നിന്നും കർഷകർക്ക് ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ചുവരികയാണ്.

കുട്ടനാട് പാക്കേജ്

198 (3484) ഡോ. ടി. എം. തോമസ് ഐസക് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്നും യഥാസമയം പദ്ധതി നടപ്പാക്കാൻ കഴിയാത്തത് കാരണം എത്ര കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly